**Malayala Manorama**

**17 August 2018**

**Thrissur, Kurancherry, Landslide**



# രക്ഷിക്കണേ..

## മണ്ണിനടിയിൽനിന്ന് ആ ഫോൺ വിളി

കുറാഞ്ചേരി (തൃശൂർ) ● മണ്ണിനടിയിൽപെട്ട വീടിനുള്ളിൽനിന്നു മൊബൈൽ ഫോണിൽ കുന്നുകുഴിയിൽ മോഹനൻ സുഹൃത്തിനെ വിളിച്ചെന്നു രക്ഷാപ്രവർത്തകർ. വീട് മണ്ണിനടിയിൽപെട്ടെങ്കിലും കഴുക്കോലും മറ്റും ഉയർന്നു നിന്നിരുന്നതിനാൽ സിഗ്നൽ ലഭിച്ചിട്ടുണ്ടാവുമെന്നാണു കരുതുന്നത്.

'രക്ഷിക്കണേ ഞങ്ങൾ മണ്ണിനടിയിൽ പെട്ടിരിക്കുകയാണ്' എന്ന് കരഞ്ഞു പറഞ്ഞുവെന്നും. എന്നാൽ, പ്രദേശം മുഴുവൻ ഇടിഞ്ഞനിലയിലായതിനാൽ ഇതെവിടെ നിന്നാണെന്നു കണ്ടെത്താനായില്ലെന്നും രക്ഷാപ്രവർത്തകർ പറയുന്നു.

മണ്ണിനടിയിൽനിന്ന് ഏറെനേരം രണ്ടു സ്ത്രീകളുടെ കരച്ചിൽ കേട്ടുവെന്നും പറയുന്നു. മോഹനനും ആശാദേവിക്കുമായി ഏറെ നേരം തിരച്ചിൽ നടത്തിയെങ്കിലും കണ്ടെത്താനായില്ല.